**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**13-06-2021**

# കാർഷികവാർത്തകൾ

### 1. വീട്ടുപടിക്കൽവിത്ത്

കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ സ്പീഡ് പോസ്റ്റ്വഴി നൽകുവാനുള്ള പദ്ധതിയുമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾചറൽ റിസേർച്ചിന്റെ (ICAR) ബെംഗളൂരുവിലെ ഗവേഷണസ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച് (ഐഐഎച്ച്ആർ). ഐഐഎച്ച്ആറിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.iihr.res.in സന്ദർശിച്ച് അതിലുള്ള 'സീഡ്പോർട്ടലിലൂടെ' ഓൺലൈനായി പണമടയ്ക്കുന്നവർക്ക് സ്പീഡ് പോസ്റ്റ് വഴി വിത്തുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെന്ന് ഐഐഎച്ച്ആർ പച്ചക്കറിവിളവിഭാഗം അറിയിക്കുന്നു.

### 2. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ്പോർട്ടൽ'

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റു കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ്പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ്ചാനലിൽ വീക്ഷിക്കാവുന്നതാണ്. എയിംസ്മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

### 3. ഓൺലൈൻ മൃഗചികിത്സയുമായിവെറ്ററിനറിസർവകലാശാല-

വളർത്തുമൃഗ പരിപാലനം, രോഗം ഭക്ഷണരീതി മറ്റ് അനുബന്ധമേഖലകൾ എന്നിവയിലുള്ള കർഷകരുടെ സംശയങ്ങൾക്ക് പരിഹാരവുമായി വെറ്ററിനറി സർവകലാശാലയുടെ കാഫ് പദ്ധതി.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകർക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ പ്രശ്നപരിഹാരം ലഭിക്കുന്നതിനായി എല്ലാ ദിവസവും പകൽ സമയം ഒൻപതു മണി മുതൽ പന്ത്രണ്ട് മണിവരേയും രണ്ടു മണി മുതൽ അഞ്ചു മണി വരെയും '9447030801' എന്ന നമ്പരിൽ വിളിയ്ക്കാവുന്നതാണ്. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഡോ എം കെ നാരായണൻ - 9447019009: ഡോ എസ് അജിത്കുമാർ - 9400322511

ഓൺലൈൻ പരിശീലനങ്ങൾ

**4.** വെള്ളായണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ നേതൃത്വത്തിൽ ഈ മാസം 15, 16, 17 തീയതികളിൽ രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളനിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9995953654, 9961533547, 7736690639 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**5.** ആലുവ മൃഗസംരക്ഷണ പരിശീലകേന്ദ്രത്തിൽ വച്ച് ഈ മാസം 15-ന് താറാവ് വളർത്തൽ, 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും തുടങ്ങിയ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ 9188522708 എന്ന നമ്പരിൽ വിളിക്കുകയോ പേരും പരിശീലന വിഷയവും വാട്ട് ആപ്പ് സന്ദേശമായ് അയച്ചോ രജിസ്റ്റർ ചെയ്യണമെന്ന് ആലുവ മൃഗസംരക്ഷണകേന്ദ്രം ഡെപ്യൂട്ടിഡയറക്ടർ അറിയിച്ചു.

**6.** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ന് 'കാടവളർത്തൽ', 24 മുതൽ 25 വരെ 'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു.

താൽപര്യമുള്ള കർഷകർ 9188522703 എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 15, 16 തീയതികളിൽ പശുവളർത്തൽ 23, 24 തീയതികളിൽ എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

8. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഈ മാസം 15-ന് പച്ചക്കറികൃഷിയിൽ ജൈവരോഗ-കീട നിയന്ത്രണ മാർഗങ്ങൾ, 17-ന് മട്ടുപ്പാവിലെ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കൃഷി വിജ്ഞാന കേന്ദ്രം കോഴിക്കോടിന്റെയും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡിന്റെയും സംയുക്താഭിമുഖ്യത്തിൽ " തെങ്ങ് കൃഷി" എന്ന വിഷയത്തിൽ 15 ജൂൺ 2021, രാവിലെ 10.30 മുതൽ ഓൺലൈൻ കർഷക - ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിക്കുന്നു. **പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് താഴെ പറയുന്ന ഗൂഗിൾ മീറ്റ് ലിങ്ക് വഴി അന്നേ ദിവസം രാവിലെ 10.15 മുതൽ ജോയിൻ ചെയ്യാവുന്നതാണ്. ആദ്യം ജോയിൻ ചെയ്യുന്ന 100 പേർക്ക് മാത്രമായിരിക്കും അവസരം.**

10. റബ്ബറിന് വളമിടുന്നത് സംബന്ധിച്ച് റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഈ മാസം 16-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം.പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127, 7994650941 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.

11. നാളീകേരകർഷകരുടെ ശ്രദ്ധയ്ക്ക്

തെങ്ങുകളിൽ കൂമ്പ് ചീയൽ രോഗം ബാധിക്കാതിരിക്കാൻ ഇനി പറയുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക.
- 1% വീര്യമുള്ള ബോർഡോ മിശ്രിതം നമ്പോലയിലും ചുറ്റുമുള്ള ഓലകളിലും തളിക്കുക.
- സുഷിരങ്ങൾ ഇട്ട പോളിത്തീൻ പായ്ക്കുകളിൽ 5 ഗ്രാം മാൻകോസീബ് എന്ന കുമിൾനാശിനിനാമ്പോലക്ക് തൊട്ട് താഴെയുള്ള 2-3 ഓല കവിളുകളിൽ വയ്ക്കുക.
- അഥവാ രോഗബാധ ഉണ്ടെങ്കിൽ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ചു മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10% വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക. ഈ ഭാഗം അടുത്ത പുതു നാമ്പ് ഉണ്ടാകുന്നത് വരെ പോളിത്തീൻ ഷീറ്റ് കൊണ്ട് പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ,